"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.ഹസീന ബീവി എ., കൃഷി ഡെപ്യൂട്ടി ഡയറക്ടർ, നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.653/2023/AGRI തീയതി,തിരുവനന്തപുരം, 04-07-2023

---

പരാമർശം:- 1. 29/04/2021 തീയ്യതിയിലെ സ.ഉ.(സാധാ) നം. 363/2021/കൃഷി

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 31/05/2023 തീയ്യതിയിലെ ADFW/665/2023-SB1 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (C) ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ഹസീന ബീവി എ യ്ക്ക് ടിയാരിയുടെ അവധി അപേക്ഷ പരിഗണിച്ച് 17/02/2021 മുതൽ 29/04/2021 വരെ അവധി അനുവദിച്ചിരുന്നുവെങ്കിലും അവധി പൂർണ്ണമായും വിനിയോഗിയ്ക്കുന്നതിനു മുൻപ് 05/04/2021 ന് പൂർവ്വാഹ്നം ടിയാരി തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഡയറക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും ഉചിതമായ നിയമനം ലഭിയ്ക്കുന്നതിന് അപേക്ഷിയ്ക്കുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം ഉത്തരവ് പ്രകാരം ടിയാരിയെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ പ്ലാന്റ് പ്രൊട്ടക്ഷൻ ഓഫീസർ (കൃഷി ഡെപ്യൂട്ടി ഡയറക്ടർ) തസ്തികയിൽ നിയമിക്കുകയും ടിയാരി 30/04/2021 ന് പൂർവ്വാഹ്നത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ശ്രീമതി ഹസീന ബീവി എ., കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഡയറക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്ത 05/04/2021 മുതൽ പരാമർശം ഉത്തരവ് പ്രകാരം നിയമനം നൽകി ജോലിയിൽ പ്രവേശിച്ച 29/04/2021 വരെയുള്ള കാലയളവ് ക്രമീകരിച്ച് ഉത്തരവാകണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാ മർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ഹസീന ബീവി എ., കൃഷി ഡെപ്യൂട്ടി ഡയറക്ടർ നിയമനത്തിനായി കാത്ത് നിന്ന 05/04/2021 മുതൽ 29/04/2021 വരെയുള്ള കാലയളവിൽ കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP) ഒഴിവ് നിലവിലുണ്ടായിരുന്നു എന്നതും ടിയാരി വിനിയോഗിക്കാത്ത 05/04/2023 മുതൽ 29/04/2023 വരെയുള്ള ശൂന്യവേതനാവധി തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ റദ്ദ് ചെയ്തിട്ടുണ്ട് എന്നതും പരിഗണിച്ച് ശ്രീമതി ഹസീന ബീവി എ., കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഡയറക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്ത 05/04/2021 മുതൽ

പരാമർശം ഉത്തരവ് പ്രകാരം നിയമനം നൽകി ജോലിയിൽ പ്രവേശിച്ച 29/04/2021 വരെ വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ് സാബിർ ഹുസൈൻ**

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി ഹസീന ബീവി എ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA1/131/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ